LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) ഉണ്ട്. തൃശ്ശൂർ ജില്ലയിലെ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ നാളികേര ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുകയും 28-2-2014-ൽ ബയോപാർക്കിന്റെ ഓഫീസ് കം ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 'അഗ്രി ബയോപാർക്ക് പദ്ധതി നടത്തിപ്പിനായി ബഹു. കൃഷി വകുപ്പുമന്ത്രി ചെയർമാനായി രൂപീകരിച്ച അഗ്രി ബയോപാർക്ക്സ്-കേരള (Reg. No. Tvm/TC/97/2013 dated 23-8-2013)-യുടെ തീരുമാനപ്രകാരം നാളികേര ബയോപാർക്കിന്റെ പ്രോജക്ട്, ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിന് കോഴിക്കോട് വടകരയിലുള്ള ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര അധിഷ്ഠിത വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും സാങ്കേതിക സഹായങ്ങൾ നൽകുകയും ചെയ്യുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അധിക വിലവ ലഭ്യതയുടെ അഭാവത്തിൽ ബഡ്ജറ്റും ഉപധനാഭ്യർത്ഥന പ്രകാരവും യുക അനുവദിക്കാനാവാത്ത സാഹചര്യത്തിൽ പ്രോജക്ടിനാവശ്യമായ യുക റീഅപ്രോപ്രിയേഷൻ മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ജൈവമണ്ഡല പദ്ധതി

140 (1550) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവമണ്ഡല പദ്ധതിക്ക് രൂപം നൽകുവാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) 10-2-2010-ലെ സ.ഉ.(പി) 39/10/കൃഷി പ്രകാരം സംസ്ഥാനത്ത് ഒരു ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി കേരളം ജൈവ കാർഷിക സംസ്ഥാനമാക്കുവാൻ ഈ നയത്തിൽ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി കേരളത്തെ 2016-ഓടെ സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ജനപ്രതിനിധികളെയും കർഷകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ കാമ്പയിനുകൾ

എം.എൽ.എ.-മാരുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. 140 നിയോജക മണ്ഡലത്തിനും അനുയോജ്യമായ പദ്ധതികൾ അതാത് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് തയ്യാറാക്കിവരുന്നു. പദ്ധതി നടപ്പിലാക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്തെ ഏറ്റവും മികച്ച ജൈവ മണ്ഡലത്തിന് 10 ലക്ഷം രൂപ, 5 ലക്ഷം രൂപ, 3 ലക്ഷം രൂപ എന്നീ ക്രമത്തിൽ ഒന്നും രണ്ടും മൂന്നും അവാർഡുകൾ നൽകുന്നതിനും ഏറ്റവും മികച്ച മൂന്നു പഞ്ചായത്തുകൾക്ക് 3 ലക്ഷംരൂപ, 2 ലക്ഷം രൂപ, 1 ലക്ഷം രൂപ എന്നീ ക്രമത്തിൽ അവാർഡ് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനത്തിനുള്ള പ്രായോഗിക വശങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാൻ ബഹു. കൃഷി വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബഹു. നഗര വികസന വകുപ്പു മന്ത്രി, കാർഷികോല്പാദന കമ്മീഷണർ, കൃഷി-തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, കൃഷി ഡയറക്ടർ, മൃഗസംരക്ഷണ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ, മണ്ണ് സംരക്ഷണ ഡയറക്ടർ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, ആത്മ പ്രോജക്ട് ഡയറക്ടർ എന്നിവർ പങ്കെടുത്ത യോഗം 18-11-2014-ന് സെക്രട്ടേറിയറ്റ് സൗത്ത് കോൺഫറൻസ് ഹാളിൽവച്ച് കൂടുകയുണ്ടായി. കൂടാതെ കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള കർമ്മ പദ്ധതികൾ ചർച്ച ചെയ്യുന്നതിനായി ഒരു യോഗം 26-11-2014-ന് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടുകയുണ്ടായി.

സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള കർമ്മ പദ്ധതികൾ ചർച്ച ചെയ്യുന്നതിന് കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, വയനാട് ജില്ലകളിലെ എം.പി.-മാർ, എം.എൽ.എ.-മാർ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി മേയർ/ചെയർമാൻ, നഗരവികസന, പഞ്ചായത്ത്, കൃഷി, മൃഗസംരക്ഷണം, ഗ്രാമവികസനം എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഒരു സംയുക്ത യോഗം 28-11-2014-ന് കണ്ണൂർ കുത്തുപറമ്പ് നിർമ്മലഗിരി റാണി ജയ് ഹയർ സെക്കണ്ടറി സ്കൂളിൽവച്ച് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. കേരളത്തിലെ ബഹു. നിയമസഭാ സാമാജികരെ ഉൾപ്പെടുത്തി നിയമസഭാ സമുച്ചയത്തിൽവച്ച് സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനത്തെക്കുറിച്ച് ഒരു യോഗം നടത്തുകയും ജൈവകൃഷി വ്യാപനത്തെക്കുറിച്ച് Power point presentation നടത്തുകയും ചെയ്തു. ജൈവകൃഷി പ്രോത്സാഹനത്തിന്റെ യുവ അംബാസിഡറായി യുവ കർഷക പ്രതിഭയായ മാസ്റ്റർ സൂരജ് സി.എസ്.-നെ പ്രഖ്യാപിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly